LIBRARY ARCHIVES Kerala Legislative Assembly

തൃശ്ശൂർ ജില്ലയിൽ ജലനിധി പദ്ധതിപ്രകാരം നടത്തുന്ന പ്രോജക്ടുകൾ

41 [1826] ശ്രീ. കെ. രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജലനിധി പദ്ധതി നടപ്പിലാക്കിയിട്ടുള്ള ജില്ലകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) തൃശൂർ ജില്ലയിൽ ഈ പദ്ധതിക്കു കീഴിൽ നടപ്പിലാക്കിവരുന്ന പ്രോജക്ടുകളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) 2004-2005 വർഷം എത്ര പദ്ധതികൾ തൃശൂർ ജില്ലയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്.

(ബി) തൃശൂർ ജില്ലയിലെ 16 പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കി വരുന്നു. ഇതനുസരിച്ച് ജില്ലയിൽ 182 ചെറുകിട കുടിവെള്ള പദ്ധതികളും 5028 കക്കൂസുകളുടെ നിർമ്മാണവും 537 ആഴക്കുഴി കക്കൂസുകളുടെ നവീകരണവും 6344 മീറ്റർ അഴുക്കുചാലിന്റെ നിർമ്മാണവും 1454 പരിസര ശുചിത്വ യൂണിറ്റുകളുടെ നിർമ്മാണവും നടപ്പിലാക്കിക്കഴിഞ്ഞു. മൂന്നു മുതൽ അഞ്ചുവരെ ബാച്ചുകളിലായി 306 പദ്ധതികൾ കൂടി നടപ്പിലാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) 2004-2005 വർഷം 175 കുടിവെള്ള പദ്ധതികളും 4125 ശുചിത്വ നിലവാരമുള്ള കക്കൂസുകളും 1826 ആഴക്കുഴി കക്കൂസുകളുടെ നവീകരണവും 3050 പരിസര ശുചിത്വ യൂണിറ്റുകളുടെ നിർമ്മാണവും ലക്ഷ്യമിട്ടിരിക്കുന്നു.

സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതി

42 [1827] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സെക്ടർ റിഫോംസ് കുടിവെള്ള പദ്ധതി ഏതെല്ലാം ജില്ലകളിലാണ് നടപ്പിലാക്കിയത്;

(ബി) പദ്ധതിയുടെ പ്രവർത്തന കാലാവധി ദീർഘിപ്പിക്കുന്നതു സംബന്ധിച്ച തീരുമാനം വ്യക്തമാക്കാമോ;

(സി) പദ്ധതി നടപ്പിലാക്കിയ ജില്ലകളിലെ പ്രവർത്തന പുരോഗതി വെളിപ്പെടുത്താമോ?

ഉത്തരം

(എ) കാസർഗോഡ്, കൊല്ലം.

(ബി) സെക്ടർ റിഫോംസ് പദ്ധതി 31-3-2004-ന് നിർത്തലാക്കുകയും തുടർന്ന് പ്രസ്തുത പദ്ധതിയിൽ ഏറ്റെടുത്ത പണികൾ പൂർത്തീകരിക്കുവാൻ സ്വജൽധാരാ II എന്ന പേരിൽ 1-4-2004 മുതൽ കാലാവധി ദീർഘിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

(സി) കാസർഗോഡ് ജില്ലയിൽ 231 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളും 24 സ്കൂൾ കുടിവെള്ള പദ്ധതികളും ഉൾപ്പെടെ മൊത്തം 255 കുടിവെള്ള പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. കമ്മീഷൻ ചെയ്ത ഗ്രാമീണ കുടിവെള്ള പദ്ധതികൾ ജനങ്ങളുടെ കമ്മിറ്റിയാണ് തുടർന്ന് നടത്തിക്കൊണ്ട് പോകുന്നത്. പണി പൂർത്തിയായ എല്ലാ പദ്ധതികളിലും വ്യാപകമായ ജല പുനരുജ്ജീവന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സ്വജൽധാരാ II പദ്ധതിയിൻകീഴിൽ 30 സ്കൂൾ കുടിവെള്ള പദ്ധതികൾ ഉൾപ്പെടെ മൊത്തം 250 കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു.

കൊല്ലം ജില്ലയിൽ 233 ഗ്രാമീണ ശുദ്ധജലവിതരണ പദ്ധതികളും 25 സർക്കാർ സ്കൂൾ പദ്ധതികളും നടപ്പിലാക്കുവാനായി ഏറ്റെടുത്തിട്ടുണ്ട്. ഇതിൽ 98 ഗ്രാമീണ കുടിവെള്ള പദ്ധതികളും 8 സ്കൂൾ കുടിവെള്ള പദ്ധതികളും കമ്മീഷൻ ചെയ്തിട്ടുണ്ട്. ബാക്കി പദ്ധതികൾ സ്വജൽധാരാ II പദ്ധതിയിൻകീഴിൽ പൂർത്തീകരിക്കുന്നതിനായി നിർമ്മാണത്തിന്റെ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

ഗ്രാമീണ സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കാൻ പദ്ധതി

43 [1828] ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ സ്കൂളുകളിൽ കുടിവെള്ള സൗകര്യം ലഭ്യമാക്കൽ പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ എത്ര സ്കൂളുകളിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; നടപ്പിലാക്കിയ സ്കൂളുകൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഇനി എത്ര സ്കൂളുകളിൽ കൂടി കുടിവെള്ള സൗകര്യം ലഭ്യമാക്കുവാനുണ്ട്?

ഉത്തരം

(എ) 32 സ്കൂളുകളിൽ. പേരുവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.†

(ബി) ഇനി 30 സ്കൂളുകളിൽ കൂടി കുടിവെള്ള സൗകര്യം ലഭ്യമാക്കുവാനുണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly